സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

ഡയറക്ടറാഫീസ്,
**സാംസ്കാരിക-പുരാവസ്തു വിഭാഗം**
തിരുവനന്തപുരം
08..2019.

നം:50/19/സിഎ 2.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ പഞ്ചവാദ്യം ത്രിവത്സര ഡിപ്ലോമ കോഴ്സിലേയ്ക്ക് 2019 വർഷത്തേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ 01/05/2019ന് 15 നും 20 നും മദ്ധ്യേ പ്രായമുള്ളവരും 10-ാം ക്ലാസ് പാസ്സായിട്ടുള്ളവരും (പ്ലസ് 2 പാസ്സായവർക്ക് മുൻഗണന) ഹിന്ദു സമുദായത്തിൽപ്പെട്ട ആൺകുട്ടികളും ആയിരിക്കണം. അഡ്മിഷൻ ലഭിക്കുന്നവർക്ക് ഭക്ഷണവും താമസ സൗകര്യവും ദേവസ്വം ബോർഡ് നൽകുന്നതായിരിക്കും. അപേക്ഷ ഫാറം 100/- രൂപയ്ക്ക് വൈക്കം/ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ നിന്ന് ലഭിക്കുന്നതാണ് . പൂരിപ്പിച്ച അപേക്ഷകൾ 2019 ആഗസ്റ്റ് 24-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.. അപേക്ഷയോടൊപ്പം വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടേയും, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവയുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. അപേക്ഷകരുമായി ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ അപേക്ഷയോടൊപ്പം നിർബന്ധമായും ചേർത്തിരിക്കണം.

അപേക്ഷകരുടെ അഭിരുചി പരീക്ഷ ആഗസ്റ്റ് 27-ാം തീയതി നടത്തുന്നതായിരിക്കും. പ്രസ്തുത ദിവസം രാവിലെ 10 മണിക്ക് സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം അപേക്ഷകർ ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ ഹാജരാകേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഡയറക്ടർ**

പകർപ്പ്:

ഇ.ഡി.പി സെക്ഷൻ